കൃഷി ഓഫീസർ ഇല്ലാത്തതു നിമിത്തം കാർഷിക പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയുന്നില്ലെന്ന പരാതി

215 (4285) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അവാർഡ് നേടിയ കൊല്ലം ജില്ലയിലെ നെടുമ്പന പഞ്ചായത്തിൽ കൃഷി ഓഫീസർ ഇല്ലാത്തതുനിമിത്തം കാർഷിക പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയുന്നില്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കൃഷി ഓഫീസിൽ അടിയന്തരമായി കൃഷി ഓഫീസറെ നിയമിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ടി കൃഷി ഭവനിൽ കൃഷി ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

ഹാകൂംഹോസ് വളത്തിന്റെ ക്ഷാമം

216 (4289) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽകൃഷിക്ക് അടിസ്ഥാന വളമായി ഉപയോഗിക്കുന്ന ഹാകൂംഹോസ് 20:20 വളത്തിന് വൻ ക്ഷാമം നേരിടുന്നതുമൂലം കർഷകർ ദുരിതത്തിലാണെന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹാകൂംഹോസിന് പകരം അമോണിയം സൾഫേറ്റ് കർഷകരെ നിർബന്ധിച്ച് വാങ്ങിപ്പിക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അമോണിയം സൾഫേറ്റ് വാങ്ങാത്ത കർഷകർക്ക് ഹാകൂം ഹോസ് നൽകേണ്ടതില്ല എന്ന രഹസ്യ സർക്കുലർ നിലനിൽക്കുന്നുണ്ടോ ;

(ഡി) സംസ്ഥാന കൃഷി വകുപ്പ് കർഷകർക്ക് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ള വളങ്ങളുടെ പട്ടികയിൽ ഇല്ലാത്ത വളം കർഷകരെക്കൊണ്ട് നിർബന്ധിച്ച് വാങ്ങിപ്പിക്കുന്ന പ്രവണത തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഹാകൂംഹോസിന് സർക്കാർ എത്ര ശതമാനം സബ്സിഡിയാണ് നൽകിവരുന്നത് എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വളം അനുവദിച്ചു നൽകുന്നത് കേന്ദ്ര രാസവളമന്ത്രാലയമാണ്. ഇപ്പോൾ അനുവദിച്ച ക്വാട്ടയ്ക്ക് പുറമെ 10000 ടൺ ഹൈക്ടംഫോസ് കൂടി അധികമായി അനുവദിക്കണമെന്ന് കേന്ദ്ര രാസവള മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ചില സ്വകാര്യങ്ങളിൽ അമോണിയം സൾഫേറ്റുകൂടി വാങ്ങാൻ നിർബന്ധിക്കുന്നതായി ആക്ഷേപമുണ്ട്.

(സി) കൃഷിവകുപ്പ് അത്തരം ഒരു സർക്കുലർ നൽകിയിട്ടില്ല. FACT അത്തരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ട് എങ്കിൽ ആ നയം തുടരരുതെന്ന് FACT -നെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര രാസവളമന്ത്രാലയം സബ്സിഡി നൽകുന്ന വളങ്ങൾ കർഷകർക്ക് വിതരണം ചെയ്യുമ്പോൾ നിർബന്ധപൂർവ്വം മറ്റൊരു വളവും അടിച്ചേൽപ്പിക്കരുതെന്ന് എല്ലാ വളം കമ്പനികളേയും അറിയിച്ചിട്ടുണ്ട്.

(ഇ) 59.51% സബ്സിഡി നൽകുന്നുണ്ട്.

എഫ്.എ.സി.ടി.-യിൽ നിന്നും ഹൈക്ടംഫോസും യൂറിയയും സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് നടപടി

217 (4290) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ഹൈക്ടംഫോസും, യൂറിയയും കിലോയ്ക്ക് എത്രരൂപ നിരക്കിലാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) എഫ്.എ.സി.ടി.-യിൽ നിന്നും ഹൈക്ടംഫോസും, യൂറിയയും സബ്സിഡി നിരക്കിൽ ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര കൃഷി മന്ത്രാലയത്തിലേക്ക് സംസ്ഥാന കൃഷി വകുപ്പ് അപേക്ഷ സമർപ്പിച്ചിരുന്നോ ;

(സി) എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും അതിന്മേൽ എന്ത് നടപടിയാണ് കേന്ദ്ര സർക്കാർ എടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) യൂറിയയുടെ MRP ടണ്ണിനു 5,310 രൂപയും ഹൈക്ടംഫോസിനു 6,895 രൂപയുമാണ്.

(ബി) യൂറിയ, പൊട്ടാഷ് എൻ.പി.കെ. കോംപ്ലക്സ് വളങ്ങൾ ഡി.എ.പി. എന്നിവയുടെ ആവശ്യകത കേന്ദ്ര ഗവൺമെന്റിനെ മുൻകൂട്ടി തന്നെ അറിയിച്ചിട്ടുണ്ട്.

(സി) എല്ലാ മാസവും ആവശ്യമായ വളത്തിന്റെ കമ്പനി തിരിച്ചുള്ള ക്വാട്ട മുൻമാസം തന്നെ കേന്ദ്ര രാസവള മന്ത്രാലയം അനുവദിക്കുന്നതിൻ പ്രകാരമാണ് കമ്പനികൾ വളം വിതരണം ചെയ്യുന്നത്. ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly